കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 11 | 2023 |
|---|---|---|



ശബരിമല പത്രക്കുറിപ്പ് - 4



ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com


# സന്നിധാനത്ത് ജീവനക്കാരുടെ ഭക്തി ഗാനാർച്ചന

ശബരിമല സന്നിധാനത്തെ ഡ്യൂട്ടി മജിസ്ട്രേറ്റിന്റെയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയും നേതൃത്വത്തിലുള്ള വിവിധ വകുപ്പുകളിലെ ജീവനക്കാർ ബുധനാഴ്ച്ച വൈകിട്ട് സന്നിധാനത്ത് ഭക്തിഗാനാർച്ചന നടത്തി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ രാജേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള മുപ്പതോളം പേരാണ് ഗാനാർച്ചനയുമായി ശബരി സന്നിധിയിൽ എത്തിയത്.

സോപാന സംഗീതവും സംസ്കൃത ശ്ലോകങ്ങളും സംഘം ഭക്തിയോടെ അവതരിപ്പിച്ചു. ഭക്തിഗാനാലാപന ത്താൽ ശബരി സന്നിധി സംഗീത സാന്ദ്രമാക്കിയാണ് രാജേഷ് കുമാറും സംഘവും ഭക്തിഗാനാർച്ചന അവസാനിപ്പി ച്ചത്.

(പി.ആര്‍. ശബരി- 263)

## ശബരീ സന്നിധിയില്‍ സംഗീതാര്‍ച്ചനയുമായി 13-ാം വര്‍ഷം

ശബരിമല അയ്യപ്പ സന്നിധിയില്‍ തുടര്‍ച്ചയായ 13-ാം വര്‍ഷവും സംഗീതാര്‍ച്ചന നടത്തിയതിന്റെ നിര്‍വൃതിയിലാണ് സംഗീതജ്ഞന്‍ പെരുമ്പുഴ പ്രമോദ്. മകരവിളക്കിനെത്തിയ ഭക്തജനങ്ങള്‍ക്ക് മുന്നിലാണ് ശ്രീ ശാസ്ത ഓഡിറ്റോറിയത്തില്‍ സംഗീത സദസ് അവതരിപ്പിച്ചത്. തിരുനെല്ലൂര്‍ അജിത് വയലിനും ചേര്‍ത്തല കൃഷ്ണകുമാര്‍ മൃദംഗവും പുത്തൂര്‍ സൂരജ് ഘടവും വായിച്ചു. കാരിക്കോട് ടി.കെ.എം. പബ്ലിക് സ്കൂളിലെ സംഗീതാധ്യാപകനാണ് പ്രമോദ്. തന്റെ ജീവിതത്തിലെ എല്ലാ ഐശ്വര്യങ്ങള്‍ക്കും ഉയര്‍ച്ചകള്‍ക്കും പിന്നില്‍ അയ്യന്റെ മുന്നിലുള്ള സംഗീതാര്‍ച്ചനയാണെന്ന് പ്രമോദ് വിശ്വസിക്കുന്നു.

സംഗീത സപര്യയുടെ 25-ാം വര്‍ഷത്തിലെത്തി നില്‍ക്കുന്ന പ്രമോദിന് കാഞ്ചി കാമകോടി പീഠത്തില്‍ നിന്ന് ആസ്ഥാന വിദ്വാന്‍ പട്ടവും അധ്യാപക കലാസാഹിതിയുടെ കൗമുദി ടീച്ചര്‍ പുരസ്കാരം എന്നിവ ലഭിച്ചിട്ടു ്. ഗുരുവായൂര്‍ ചെമ്പൈ സംഗീതോത്സവത്തിലും കഴിഞ്ഞ 25 വര്‍ഷമായി പ്രമോദ് പാടാറു ്. സ്വാതി തിരുനാള്‍ സംഗീത കോളേജില്‍ നിന്ന് ഗാനഭൂഷണവും ചെമ്പൈ സംഗീത കോളേജില്‍ നിന്ന് ഗാനപ്രവീണയും പ്രമോദ് പാസായിട്ടു ്.

(പി.ആര്‍. ശബരി- 264)

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.